# സ്കൂൾതല അക്കാദമിക മാസ്റ്റർപ്ലാൻ

## 2025-26



### കാറമേൽ എ എൽ പി സ്കൂൾ

# ആമുഖം

പയ്യന്നൂർ സബ്ജില്ലയിലെ 38ാം വാർഡിൽ പ്രീപ്രൈമറി മുതൽ 4 വരെ ക്ലാസുകളുള്ള ഒരു എയ്ഡഡ് സ്കൂൾ വിദ്യാലയമാണ് കാറമേൽ എ എൽ പി സ്കൂൾ. അക്കാദമികപ്രവർത്തനങ്ങളിൽ മുന്നിട്ട് നിൽക്കുന്ന വിദ്യാലയം 2025 അധ്യയനവർഷം മുതൽ മികച്ച ഭൗതിക നിലവാരത്തോടുകൂടി ഏറ്റവും ഉയർന്ന നിലവാരത്തിലേക്ക് എത്തിച്ചേരാനുള്ള തയ്യാറെടുപ്പിലാണ്. സ്കൂൾ ബസ്, കുട്ടികൾക്കുള്ള പാർക്ക്, ചുറ്റുമതിൽ, സി സി ടി വി തുടങ്ങിയ സൗകര്യങ്ങൾ അതിനുദാഹരണങ്ങളാണ്.

സമഗ്ര ഗുണമേന്മാ പദ്ധതിയുടെ ഭാഗമായി ഓരോ കുട്ടിയെയും മികച്ച നിലവാരത്തിൽ എത്തിക്കുക എന്നതാണ് നമ്മുടെ ലക്ഷ്യം. അതിനുവേണ്ടി ഈ അധ്യയനവർഷം ഒട്ടനവധി പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുന്നു. ഈ പ്രവർത്തനങ്ങളിലെല്ലാം രക്ഷിതാക്കൾ, വികസനസമിതി അംഗങ്ങൾ, മാനേജ്മെന്റ് എന്നിവരുടെ സഹകരണം പ്രതീക്ഷിച്ചുകൊണ്ട് ഈ അധ്യയനവർഷത്തെ അക്കാദമിക മാസ്റ്റർപ്ലാൻ പൊതുസമൂഹത്തിനു മുമ്പാകെ സമർപ്പിക്കുന്നു. നിങ്ങളുടെ നിർദേശങ്ങളും ഉപദേശങ്ങളുമാണ് ഈ വിദ്യാലയത്തിന്റെ കരുത്തും വിജയവും.

# ഈ അധ്യയനവർഷം നമ്മൾ ഏറ്റെടുക്കുന്ന പ്രധാന പ്രവർത്തനങ്ങൾ

- ഭാഷാപഠനം:

കുട്ടികളിലെ സർഗാത്മകശേഷിയും നൈപുണിയും വർധിപ്പിക്കാനും അതോടൊപ്പം ആശയവിനിമയ ശേഷി സഹകരണമനോഭാവം എന്നിവ വളർത്തിയെടുക്കുവാനും ഇത്തരം പ്രവർത്തനങ്ങൾ /പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നു. കുട്ടികളിലെ പോസിറ്റീവ് പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും, മാനസികാരോഗ്യം പരിപാലിക്കാൻ പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടിയുള്ള മികച്ച മാർഗങ്ങളിൽ ഒന്നായി ഇത്തരം പരിപാടികളെ കണക്കാക്കുന്നു.

- വ്യായാമം
- ലൈബ്രറി ശാക്തീകരണം: (പിറന്നാളിന് ഒരു പുസ്തകം സ്കൂളിലേക്ക്)
- പത്രം
- കുട്ടികൾ നിയന്ത്രിക്കുന്ന അസംബ്ലി
- ബാലസഭ
- ക്ലാസ് പിടിഎ ശക്തിപ്പെടുത്തൽ (മാസത്തിൽ)

ഇംഗ്ലീഷ്

- Spoken English class (Two days a week)
- English fest.

ഗണിതം:

- ശില്പശാല (ഗണിതം രസകരമാക്കാം)
- അബാക്കസ്
- അസംബ്ലി

ശാസ്ത്രം

- പ്രകൃതിയെ അറിയാൻ/പുഴയെ അറിയാൻ field trip
- പഠനയാത്ര
- ക്വിസ് മത്സരം.
  കുട്ടികളിലെ പൊതു വിജ്ഞാനം വർധിപ്പിക്കുവാനും വായനാശീലം വളർത്തുവാനും സാധിക്കുന്നു
- കലാ-കായിക പ്രവൃത്തി പരിചയത്തിന് പ്രത്യേക പരിശീലനം.
- ഗൃഹസന്ദർശനം (മൂന്ന് മാസത്തിൽ ഒരിക്കൽ)
- രക്ഷിതാക്കൾക്ക് ബോധവൽക്കരണ ക്ലാസ്സ്

- മുഴുവൻ കുട്ടികൾക്കും LSS വിജയ പരിശീലന ക്ലാസുകൾ
- ശുചിത്വ വിദ്യാലയം.
- IT പരിശീലനം ശക്തിപ്പെടുത്തുക.